

THURSDAY 30.05.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/05/2024

1. 2024 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിൽ കൃഷിനാശനഷ്ടമുണ്ടായ കർഷകർക്ക് AIMS പോർട്ടലിൽ അപേക്ഷിക്കാനുള്ള സമയപരിധി 30.06.2024 വരെ നീട്ടി കൃഷിഡയറക്ടർ ഉത്തരവിട്ടു. കർഷകർക്ക് അതാത് കൃഷിഭവനിലെ FIR (പ്രഥമ വിവര റിപ്പോർട്ട്) പ്രകാരം AIMS പോർട്ടൽ മുഖേന ഉഷ്ണതരംഗം കാരണമുണ്ടായ കൃഷിനാശനഷ്ടത്തിന് അപേക്ഷിക്കാവുന്നതാണ്. കൂടാതെ മഴക്കെടുതി മൂലമുള്ള കൃഷിനാശനഷ്ടങ്ങൾ കർഷകർ അടിയന്തിരമായി കൃഷിഭവനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ജൂൺ 5 ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മത സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ എന്നിവർക്ക് വനം വകുപ്പ് നഴ്സറികളിൽ നിന്നും സൗജന്യമായി വിവിധ ഇനം വൃക്ഷത്തൈകൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് വനം വകുപ്പിൻ്റെ വനവൽക്കരണ വിഭാഗത്തെ ബന്ധപ്പെടാം. തൊടുപുഴ 8547603733, 9496100329 പീരുമേട്, കട്ടപ്പന: 9400660843, 9946413435,

3. എറണാകുളം ജില്ലയിലെ അയ്യമ്പുഴ കൃഷിഭവനിൽ മികച്ചയിനം തെങ്ങിൻ തൈകൾ വിതരണത്തിനെത്തി. കുറ്റ്യാടി, ചാവക്കാട് കുള്ളൻ ഇനങ്ങൾ ഒന്നിന് 50 രൂപ നിരക്കിലും സങ്കരയിനം തൈ 125 രൂപയ്ക്കും ലഭിക്കും.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കോഴിമുട്ടകൾ ഒരു ദിവസം പ്രായമായ മുട്ടകോഴി കുഞ്ഞുങ്ങൾ, നാടൻ/ അലങ്കാര കോഴിക്കുഞ്ഞുങ്ങൾ എന്നിവ വിൽക്കപ്പെടും. ബുക്കിങ്ങിനായി 0479 2452277 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് നടപ്പിലാക്കുന്ന അപകട ഇൻഷുറൻസ് പദ്ധതിയിൽ 18 നും 70 നും ഇടയിൽ പ്രായമുള്ള മത്സ്യത്തൊഴിലാളികൾക്ക് അംഗങ്ങളാകാവാം. ഇൻഷുറൻസ് പരിരക്ഷ 10 ലക്ഷം രൂപയാണ്. അപകടമോ മരണമോ, അപകടത്തെ തുടർന്ന് സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി 10,00,000 രൂപ (ആകെ പത്ത് ലക്ഷം രൂപ) വരെ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. അപകട മരണം സംഭവിക്കുകയാണെങ്കിൽ മരണാനന്തര ചെലവിലേയ്ക്കായി അയ്യായിരം രൂപയും വിദ്യാഭ്യാസ ആവശ്യത്തിന് 25 വയസ്സിന് താഴെ പ്രായമുള്ള മക്കൾക്ക് ഒറ്റത്തവണത്തേയ്ക്ക് ഒരു ലക്ഷം രൂപ വരെയും ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളിൽ 509 രൂപ പ്രീമിയം നൽകി മെയ് 31 വരെ ഇൻഷുറൻസിൽ അംഗങ്ങളാകാം. കൂടുതൽ വിവരങ്ങൾക്ക് മത്സ്യഫെഡ് ജില്ലാ ഓഫീസുമായോ, ക്ലസ്റ്റർ പ്രൊജക്ട് ഓഫീസുമായോ ബന്ധപ്പെടാം. ബന്ധപ്പെടേണ്ട ഫോൺ നമ്പർ:9526041192, 9526041361, 9526041314, 9526041321.

6. വനം വകുപ്പിന്റെ കണ്ണോത്ത് ഗവ. ടിമ്പർ ഡിപ്പോയിൽ തേക്ക് തടികളുടെ വിൽപന ജൂൺ മൂന്നിന് നടക്കും. കണ്ണവം റേഞ്ച് 1957, 1959, 1960 തേക്ക് തോട്ടത്തിൽ നിന്നും ശേഖരിച്ച വിവിധ ക്ലാസിൽപെട്ട തേക്ക് തടികൾ വിൽപനക്കുണ്ട്. ഓൺലൈൻ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ www.mstcecommerce.com വഴി രജിസ്റ്റർ ചെയ്യണം. കണ്ണോത്ത് ഗവ. ടിന്റർ ഡിപ്പോയിലും രജിസ്ട്രേഷൻ നടത്താം. രജിസ്ട്രേഷൻ നടത്തുന്നതിന് പാൻകാർഡ്, ആധാർ/തിരിച്ചറിയൽ കാർഡ്, ഇ-മെയിൽ വിലാസം, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ സഹിതം ഗവ. ടിമ്പർ ഡിപ്പോയിൽ ഹാജരാകണം. ഫോൺ: 0490 2302080, 9562639496

7. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അഞ്ച് ആഴ്ച പ്രായമായ BV380 കോഴി കുഞ്ഞുങ്ങൾ വിൽപനക്കയ്ക്കു ലഭ്യമാണ്. കുഞ്ഞൊന്നിന് വില 160 രൂപ. കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെയുള്ള സമയങ്ങളിൽ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ കൂർക്ക തലകൾ വിൽപനക്ക് തയ്യാറായിട്ടുണ്ട്. വിൽപന സമയം രാവിലെ 9:00 മണി മുതൽ 4:00 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

9. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'ശുദ്ധജല മത്സ്യകൃഷി'** എന്ന വിഷയത്തിൽ 31.05.2024-ന് പരിശീലനം സംഘടിപ്പിക്കുന്നു. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773 എന്ന ഫോൺ നമ്പറിൽ മേയ് 31-ന് (31.05.2024) മുമ്പായി ബന്ധപ്പെടുക.

കാർഷിക നിർദ്ദേശങ്ങൾ

10. കടുത്തവരൾച്ചയ്ക്കുശേഷം അപ്രതീക്ഷിതമായി ഉായ കനത്ത വേനൽമഴ വലിയൊരു നാശനഷ്ടമാണ് വീും കാർഷിക മേഖലയ്ക്കുാക്കിയിട്ടുള്ളത്. പല കൃഷിയിടങ്ങളിലും ദിവസങ്ങളോളം വിളകൾ വെള്ളത്തിലും ചെളിയിലും മുങ്ങി നിൽക്കുന്ന അവസ്ഥയും ഉായി. വിവിധ വിളകളിൽ അനുവർത്തിക്കേ സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വാഴ**

- മാണം അഴുകൽ ശ്രദ്ധയിൽപ്പെട്ടാൽ 5 ഗ്രാം ബ്ലീച്ചിംഗ് പൗഡർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കണം.
- അടഞ്ഞ മഴ കഴിഞ്ഞുള്ള കാലാവസ്ഥയിൽ പനാമാവാട്ടം രൂക്ഷമായേക്കാം. മൂത്ത ഇലകൾ മഞ്ഞളിച്ച് വാടിപ്പോകുന്നതാണ് ആദ്യത്തെ ലക്ഷണം. ഒപ്പം വാഴത്തടയുടെ കടഭാഗത്ത് വിണ്ടുകീറൽ ഉണ്ടാകുന്നതും ഇതിന്റെ ലക്ഷണം തന്നെ. രോഗം ശ്രദ്ധിയിൽപ്പെട്ടാൽ 0.2 % വീര്യത്തിൽ കാർബൺഡാസിം അല്ലെങ്കിൽ 0.1 % വീര്യത്തിൽ പ്രൊപ്പികൊനാസോൾ കുമിൾ നാശിനി കടഭാഗത്ത് ഒഴിക്കണം.
- കേടുവന്ന ഇലകൾ മുറിച്ചു മാറ്റണം. 13:0:45 എന്ന വളം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പശചേർത്ത് ഇലകളിൽ സ്പ്രേ ചെയ്യണം.
- ഇലപ്പുള്ളി രോഗം വരികയാണെങ്കിൽ 0.4% വീര്യത്തിൽ മാങ്കോസെബ് എന്ന കുമിൾ നാശിനി പശ ചേർത്ത് ഇലകളിൽ തളിയ്ക്കാം. രോഗം നിയന്ത്രണ വിധേയമല്ലെങ്കിൽ പ്രൊപ്പികൊനാസോൾ 0.1% വീര്യത്തിൽ തുടർന്നു തളിക്കാവുന്നതാണ്.

**കുരുമുളക്**

- കടഭാഗത്ത് വെള്ളമോ ചെളിയോ കെട്ടി നിൽക്കുകയാണെങ്കിൽ വാർത്ത് കളഞ്ഞ് ചെടി ഒന്നിന് അരകിലോ ഗ്രാം വീതം കുമ്മായം ചേർത്തുകൊടുക്കുക. രണ്ടാഴ്ചക്കു ശേഷം 10 കി. ഗ്രാം ജൈവവളം നൽകുക.
- 1 % വീര്യത്തിൽ ബോർഡോമിശ്രിതം ചെടികളിൽ സ്പ്രേ ചെയ്യണം. കൂടാതെ കോപ്പർ ഓക്സിക്ലോറൈഡ് (0.3%) കടഭാഗത്ത് ഒഴിച്ചുകൊടുക്കുകയും വേണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം